പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

11.12.2012-ൽ നൽകേണ്ടിയിരുന്നതിന്റെ അന്തിമ മറുപടി.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 639

## പാർപ്പിട പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്;<br>ശ്രീമതി. കെ. കെ. ലതിക;<br>ശ്രീ. എസ്. രാജേന്ദ്രൻ;<br>ശ്രീ. കെ. കുഞ്ഞിരാമൻ; (ഉദുമ) | ശ്രീ. കെ. എം. മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | ചോദ്യം | ഇടക്കാല മറുപടി | അന്തിമ മറുപടി |
|---|---|---|---|
| (എ) | നിലവിലുള്ള പാർപ്പിട പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതി പ്രകാരവും വീടൊന്നിന് എത്ര തുക വീതം എത്രപേർക്ക് നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ടെന്നും വിശദമാക്കുമോ; സഹായ തുക വർദ്ധിപ്പിച്ചതനുസരിച്ച് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) നിലവിലുള്ള പാർപ്പിട പദ്ധതികളുടെ പേര് അനുബന്ധമായി ചേർക്കുന്നു. മറ്റ് വിവരങ്ങൾ ശേഖരിച്ച് നല്കുന്നതാണ്. | (എ) നിലവിലുള്ള പാർപ്പിട പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം I) |
| (ബി) | ഇ.എം.എസ്. പാർപ്പിട പദ്ധതിയുടെ സഹായധനം എത്രരൂപയാണ്; തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; അർഹരായവർക്കെല്ലാം സഹായം ലഭ്യമാക്കാൻ എത്ര തുക വേണം; അതിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; | (ബി) വിവരം ശേഖരിച്ച് നല്കുന്നതാണ്. | (ബി) ഇ.എം.എസ്. പാർപ്പിട പദ്ധതിയുടെ കാലാവധി 31.03.2012-ൽ അവസാനിച്ചു. പ്രസ്തുത പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് 75000/- രൂപ, എസ്.സി. വിഭാഗത്തിന് 100000/- രൂപ, എസ്.ടി. വിഭാഗത്തിന് 1,25,000/- രൂപയുമാണ് നൽകിയിരുന്നത് |

(P.T.O)

| | | |
|---|---|---|
| | | എന്നാൽ 27.02.2012- ലെ സ. ഉ (എം.എസ്) നം. 52/2012/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ജനറൽ/എസ്. സി വിഭാഗത്തിനും, എസ്. റ്റി വിഭാഗത്തിനും യഥാക്രമം 2,00,000/- രൂപയും, 2,50,000/- രൂപയുമായി തുക വർദ്ധിപ്പിച്ചു. 15.09.2011-ന് ശേഷം ആരംഭിച്ച് മുഴുവൻ പണിയും പൂർത്തിയാക്കുന്ന ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള മുഴുവൻ തുകയും 15.09.2011-ന് മുൻപ് ഒരു ഗഡുവെങ്കിലും കൈപ്പറ്റിയവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവും ബാധകമാക്കിയിട്ടുണ്ട്.<br><br>നഗരസഭകളിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ഇ.എം.എസ്. പാർപ്പിട പദ്ധതിയുടെ അന്തിമ ഗുണഭോക്തൃ പട്ടികയിൽപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും സഹായം കിട്ടുന്നതിന് ഇനി 884411866/- രൂപ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുള്ളത്. 2152411054/- രൂപയാണ് നഗരസഭകൾക്ക് ടി പദ്ധതി നടപ്പിലാക്കുന്നതിന് ലഭ്യമാക്കിയിരിക്കുന്നത്. |
| (സി) നിലവിലുള്ള പാർപ്പിട പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടിവരുന്ന തുകയും ലഭ്യമാക്കിയ തുകയും എത്രയാണെന്ന് അറിയിക്കുമോ? | (സി) | നിലവിലുള്ള പാർപ്പിട പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടിവരുന്ന തുകയും ലഭ്യമാക്കിയ തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം II) |

അനുബന്ധം ഓ[illegible]യിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ